പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1683 15.02.2016 - ൽ മറുപടിയ്ക്ക്

**ആശ്രയ - സങ്കേതം**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | അനാഥമന്ദിരങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | 17.08.1964 ലെ G.O. (Ms)No.376/64/Home ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള The Kerala Grant in Aid Rules for the payment of Boarding Grant to Orphanages & Boarding Homes for Destitute Children റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ് അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.<br>1. അനാഥാലയങ്ങളിൽ താമസിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന 5 വയസ്സിനും 21 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് അർഹത.<br>2. ഒരു അനാഥാലയത്തിലെ 75% കുട്ടികളെങ്കിലും ഇപ്രകാരം സ്കൂളിൽ പോകുന്നവരായിരിക്കണം.<br>3. ഇപ്രകാരമുള്ള അനാഥാലയത്തിൽ ഓർഫനോ/ഡെസ്റ്റിറ്റ്യൂട്ടോ ആയ കുട്ടികളെ മാത്രമേ താമസിപ്പിക്കുവാൻ പാടുള്ളൂ.<br>4. സർക്കാർ നൽകുന്ന ഗ്രാന്റ് ബോർഡിംഗ് ചാർജ്ജിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ. ഓരോ സ്ഥാപനത്തിലും മതിയായ താമസസൗകര്യം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കണം. സ്ഥാപനത്തിന്റെ ഭരണനിർവ്വഹണം നടത്തുന്നതിന് ഓരോ സ്ഥാപനത്തിലും മാനേജരോ, മാനേജിംഗ് കമ്മിറ്റിയോ ഉണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| | | | 5. റൂൾസ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.<br>6. സ്ഥാപനം ഈ ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെട്ട കുട്ടികൾക്ക് വേണ്ടി മറ്റ് സംസ്ഥാന കേന്ദ്ര ലോക്കൽ സെൽഫ് ഗവൺമെന്റുകളിൽ നിന്ന് ബോർഡിംഗ് ചാർജ്ജ് സ്വീകരിക്കുവാൻ പാടുള്ളതല്ല.<br>7. വിദേശസഹായം പറ്റുന്ന സ്ഥാപനം ആയത് സംബന്ധിച്ച വിവരം അപേക്ഷയോടൊപ്പം തരേണ്ടതാണ്. ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കുന്നതും, വിദേശത്തു നിന്നും ലഭിക്കുന്നതുമായ തുക ഒരു അന്തേവാസിക്ക് പ്രതിമാസം 1500/- രൂപയിൽ കവിയുന്ന പക്ഷം അധികം വരുന്ന തുക ഗ്രാന്റിൽ കുറവ് ചെയ്യുന്നതാണ്. |
| (ബി) | കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽപ്പെട്ട കലയപുരം 'ആശ്രയ - സങ്കേത'ത്തിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശയിൽ (DSJ/0/682/15 / dt.30/6/15) സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | (ബി) | ഇക്കാര്യം സംബന്ധിച്ച് സാമൂഹിക നീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശുപാർശയിൽ നടപടി സ്വീകരിച്ചു വരുന്നു. വിവിധ ജില്ലകളിലെ വിവിധ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്നതും ചില സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച വിഷയമാണ് സാമൂഹിക നീതി ഡയറക്ടറുടെ DSJ/0/682/15 നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്നത്. പുതിയ ചില ഓർഫനേജുകൾക്ക് ഗ്രാന്റ് നൽകുന്ന വിഷയത്തിന്മേൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതിനായി വിശദമായ റിപ്പോർട്ട് സാമൂഹിക നീതി ഡയറക്ടറോടും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയോടും 19.09.2015 ലെ 8218/C1/15/സാനീവ നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്. |

Manoharan

**സെക്ഷൻ ഓഫീസർ**